പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1991 12-02-2013 -ൽ മറുപടിക്ക്

## മദ്യ നയവും ബാർ ലൈസൻസ് നൽകലും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>" ഇ. കെ. വിജയൻ:<br>" വി. ശശി:<br>" ചിറ്റയം ഗോപകുമാർ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യനയത്തിലെ പ്രധാന വ്യവസ്ഥകൾ റദ്ദാക്കിക്കൊണ്ട് കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് റദ്ദാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ, നിലവിലുള്ള ബാർ ഹോട്ടലിൽ നിന്ന് പുതിയതായി അനുവദിക്കുന്ന ബാർ ഹോട്ടലുകൾക്ക് 1 കിലോമീറ്ററും, പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, ദൂരപരിധി വേണമെന്ന വിദേശമദ്യ ചട്ടത്തിലെ 13 (3 ഇ) വ്യവസ്ഥയും, 3 സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് (എഫ്.എൽ.3) അനുവദിക്കേണ്ടതില്ലെന്ന തീരുമാനവും, ബാറുകളുടെ പ്രവർത്തന സമയം മുനിസിപ്പാലിറ്റി / പഞ്ചായത്ത് പ്രദേശത്ത് രാവിലെ 8 മണിമുതൽ രാത്രി 11 മണി വരെയും, കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 9 മണി മുതൽ രാത്രി 12 മണി വരെയും ആക്കിക്കൊണ്ടുള്ള തീരുമാനവും, ബഹു. ഹൈക്കോടതി, 27-07-2012 -ലെ **W.A.470/2012** വിധി ന്യായത്തിലൂടെ അസാധുവാക്കി. ഈ ഉത്തരവിനെതിരെ, സർക്കാർ, ബഹു. സുപ്രീം കോടതി മുമ്പാകെ SLP നമ്പർ 26241-26243, 27163-27182/12 ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) ബാർ ലൈസൻസ് നൽകുന്നതിൽ നിയന്ത്രണം വരുത്തുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം പുന:സ്ഥാപിച്ചതിനുശേഷം എത്ര തദ്ദേശ സ്ഥാപനങ്ങൾ ബാർ ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ NOC നല്കിയ 6 ഹോട്ടലുകൾക്ക് ഇതുവരെ ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ